**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3339** 14.10.2011-ൽ മറുപടിക്ക്

## പഞ്ചായത്തുകളിൽ മാലിന്യസംസ്കരണ പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഇടുക്കി ജില്ലയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്; | എ) | മാലിന്യ സംസ്കരണ പ്ലാന്റുകളായ ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ് പ്ലാന്റ് എന്നിവ ഖരമാലിന്യ സംസ്കരണത്തിനായി ഗ്രാമ പഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഖരമാലിന്യ നിർമ്മാർജ്ജനത്തിലേയ്ക്കായി ചില പ്രദേശങ്ങളിൽ പന്നി വളർത്തുകയും ചെയ്യുന്നുണ്ട്. |
| ബി) | എല്ലാ പഞ്ചായത്തുകളിലും മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പ്രവർത്തിപ്പിക്കുന്നുണ്ടോ; | ബി) | ഇല്ല. |
| സി) | മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ നിലവിൽ ഇല്ലാത്ത പഞ്ചായത്തുകളുടെ പേരുകൾ ലഭ്യമാക്കാമോ; | സി) | ജില്ലയിലാകെയുള്ള 53 ഗ്രാമ പഞ്ചായത്തുകളിൽ കുമിളി, നെടുങ്കണ്ടം, കട്ടപ്പന ഗ്രാമ പഞ്ചായത്തുകളിലൊഴികെ മറ്റൊരിടത്തും പൊതു ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| ഡി) | മാലിന്യസംസ്കരണ പ്ലാന്റുകൾക്കായി ജില്ലയിൽ ഇതുവരെ ചെലവഴിച്ച തുക എത്ര ; | ഡി) | മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ശുചിത്വ മിഷൻ/ക്ലീൻ കേരള മിഷൻ വഴി |

253500/- രൂപയും ടൂറിസം ഡിപ്പാർട്ട്മെന്റ് വഴി 437500/- രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

ഇ) എല്ലാ പഞ്ചായത്തിനു കീഴിലും മാലിന്യസംസ്കരണ പ്ലാന്റ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

ഇ) സ്വീകരിക്കാവുന്നതാണ്.

എഫ്) നിലവിലുള്ള പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

എഫ്) ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് പ്രോജക്ട് തുകയുടെ 60%-മോ പരമാവധി ഏഴര ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വ യജ്ഞം ഫണ്ടിൽ നിന്നും നൽകിവരുന്നു. കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ സമഗ്ര മാലിന്യ സംസ്കരണ പ്രോജക്ടിൽ ഉൾപ്പെടുത്താത്ത സർക്കാർ സ്കൂളുകൾ സർക്കാർ ആശുപത്രികൾ സർക്കാർ ഹോസ്റ്റലുകൾ പഞ്ചായത്ത് മാർക്കറ്റുകൾ, മാംസ ഉൽപാദന വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സംസ്ഥാന സർക്കാർ 75 % മോ പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഫണ്ടിൽ നിന്നും നൽകി വരുന്നു. വീടുകളിൽ സ്ഥാപിക്കുന്ന വെർമി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്തുകളിൽ സമർപ്പിക്കുന്ന പ്രോജക്ടിലേയ്ക്ക് 75% വരെ സാമ്പത്തിക സഹായം നൽകുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു.

സെക്ഷൻ ഓഫീസർ